കേൾക്കേണ്ട ശബ്ദം:

നമ്മുടെ സമൂഹത്തിന്റെ പൊതു സ്വഭാവത്തെക്കുറിച്ച് മാവോയിസ്റ്റുകളുടെ വിലയിരുത്തലിനോട് എനിക്ക് യോജിപ്പാണ്. ആ സ്വഭാവം മാറ്റാനുള്ള അവരുടെ പോംവഴികളോടാണ് അഭിപ്രായ വ്യത്യാസം.

-കെ.ജെ.ജേക്കബ്

മക്തബ്

1193 കർക്കടകം 17 1439 ദുൽഖഅദ് 19

ഇതര സംസ്ഥാന തൊഴിലാളികളിലെ ക്രിമിനലുകൾ

പൊതുവിൽ കേരളീയ സമൂഹത്തിൽ കുറ്റകൃത്യങ്ങൾ പെരുകുകയാണ്. പണത്തിന് പരമപ്രാധാന്യം നൽകുന്ന പുതിയ കാലത്തിന്റെ മുഖമുദ്രയാണ് പെരുകുന്ന കുറ്റകൃത്യങ്ങൾ. കേരളത്തിൽ മലയാളികളുടെ വക തന്നെ ധാരാളം കുറ്റകൃത്യങ്ങളുണ്ട്. അതിന്റെ കൂടെ ഇവിടെ എത്തുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ ഭാഗത്ത് നിന്നുകൂടി കുറ്റകൃത്യം പെരുകുമ്പോൾ കേരളം അതൊക്കെ താങ്ങാൻ കഴിയാത്ത അവസ്ഥയിൽ എത്തുകയാണ്.

ഇതര സംസ്ഥാന തൊഴിലാളികളുടെ ഭാഗത്ത് നിന്നുള്ള കുറ്റകൃത്യം പെരുപ്പിച്ചുകാട്ടേണ്ടതില്ല. നമ്മൾ മലയാളികളും കുറ്റകൃത്യങ്ങളിൽ ഒട്ടും പിറകോട്ടല്ല. ഇതര രാജ്യങ്ങളിൽ ചെന്നുപോലും വൻ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന മലയാളികളുടെ എണ്ണം കുറവല്ല. അതൊക്കെ യാഥാർത്ഥ്യമായിരിക്കുമ്പോഴും പെരുമ്പാവൂരിലും മറ്റും ഇതര സംസ്ഥാന തൊഴിലാളികൾ നടത്തിയ കൊലപാതകങ്ങൾ ജാഗ്രത ആവശ്യപ്പെടുന്നുണ്ട്.

പെരുമ്പാവൂരിൽ നിയമ വിദ്യാർത്ഥിനി ജിഷയുടെ കൊലപാതകം ഏറെ വിവാദം സൃഷ്ടിച്ചതാണ്. കേരള പോലീസിന്റെ ശ്രമകരമായ അന്വേഷണത്തെ തുടർന്നാണ് കൊലയാളിയെ പിടികൂടാൻ കഴിഞ്ഞത്. പ്രതിക്ക് നിയമം വധശിക്ഷ വിധിക്കുകയും ചെയ്തു. എന്നാൽ രണ്ടുവർഷം പിന്നിടുമ്പോഴേക്കും പെരുമ്പാവൂരിൽ നിമിഷ എന്ന കോളേജ് വിദ്യാർത്ഥിനിയെ കഴുത്തറുത്ത് കൊലപ്പെടുത്തിയിരിക്കുന്നു. പ്രതിയാകട്ടെ ഇതര സംസ്ഥാന തൊഴിലാളിയും. ഒരേ പ്രദേശത്ത് നടന്ന രണ്ട് കൊലപാതകങ്ങൾ ജനങ്ങളെ ഭീതിയിലാഴ്ത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് തന്നെ ഏറ്റവും അധികം ഇതര സംസ്ഥാന തൊഴിലാളികളുള്ള പ്രദേശമാണ് പെരുമ്പാവൂർ. എന്നാൽ ഇവരിൽ ഏറെ പേരെയും കുറിച്ചുള്ള ശരിയായ വിവരങ്ങൾ ലഭ്യമല്ല. ജിഷ വധത്തെ തുടർന്ന് ഇതര സംസ്ഥാന തൊഴിലാളികളെ കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ അത് ഫലപ്രാപ്തി കൈവരിച്ചില്ല.

പ്രധാനമായും കേരളത്തിൽ രണ്ട് തലത്തിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുണ്ട്. ഒന്ന് ഫാക്ടറികൾ ഉൾപ്പെടെയുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ. രണ്ട് സ്വതന്ത്രമായ രീതിയിൽ കൂലിവേലയും മറ്റും ചെയ്യുന്നവർ. ആദ്യത്തെ ഗണത്തിലുള്ളവരെ ജോലിക്ക് നിയോഗിക്കുമ്പോൾ അവരെ കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ സ്ഥാപനം ഉടമകൾ ശേഖരിക്കുകയും തൊഴിൽ വകുപ്പിനും പോലീസിനും അവ കൈമാറാവുന്നതുമാണ്. പക്ഷെ, പലപ്പോഴും അക്കാര്യത്തിൽ ഉദാസീന സമീപനമാണ് സ്ഥാപന ഉടമകളുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നത്. അതിനൊരു കാരണം നിയമം അനുശാസിക്കുന്ന കൂലിയും ആനുകൂല്യങ്ങളും നൽകാതെയാണ് അവരെ കൊണ്ട് തൊഴിലെടുപ്പിക്കുന്നത് എന്നതാണ്. രണ്ടാമത്തെ കാരണം ഏതെങ്കിലും സ്ഥാപനത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾ ഉറച്ച് നിൽക്കാറില്ല എന്നതാണ്. അവധിക്കെന്ന പേരിൽ നാട്ടിലേക്ക് പോകുന്നവർ പഴയ ലാവണത്തിലേക്ക് തിരിച്ച് എത്തുക പതിവില്ല. (അപവാദങ്ങൾ ഇല്ലെന്നല്ല). മിക്കവരും പുതിയ മേച്ചിൽപ്പുറങ്ങൾ തേടി പോകുന്നവരാണ്. അത്തരമൊരു പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിലും ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്റ്റർ സൂക്ഷിക്കുന്നത് അവരെ കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിന് വഴിയൊരുക്കും എന്നുമാത്രമല്ല കേരളത്തിലെ തന്നെ മറ്റ് ഏതെങ്കിലും പ്രദേശത്ത്, ഏതെങ്കിലും സ്ഥാപനത്തിൽ അവർ ജോലി ചെയ്യുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളും എളുപ്പത്തിൽ മനസിലാക്കാൻ കഴിയും.

രണ്ടാമത്തെ വിഭാഗം തൊഴിലാളികൾ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്യാത്തവരാണെങ്കിലും അവരൊക്കെ പലയിടങ്ങളിലായി താമസിക്കുന്നവരാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യം നൽകുന്നവർ അവരുടെ പേരുവിവരങ്ങൾ ശേഖരിക്കുകയും അധികൃതർക്ക് കൈമാറുകയും ചെയ്യണം.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാടകക്ക് താമസ സൗകര്യം ഒരുക്കുന്നത് കേരളത്തിൽ വൻ ബിസിനസായി മാറിയിട്ടുണ്ട്. പണ്ട് മുംബൈയിൽ മലയാളികളായ പത്തും പതിനഞ്ചും പേരെ ഒരു കുടുസുമുറിയിൽ കുത്തിത്തിരുകിയതിന് സമാനമാണ് കേരളത്തിൽ ഇതര സംസ്ഥാന തൊഴിലാളികളെ പാർപ്പിക്കുന്നത്. ചെലവിന്റെ എണ്ണം നോക്കി തൊഴിലാളികളിൽ നിന്ന് വാടക ഈടാക്കുന്നവർ വരെയുണ്ട്. എന്നാൽ കുളിമുറി, കക്കൂസ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ വിരളമായിരിക്കും. തുണി അലക്കലും കുളിക്കലുമൊക്കെ ഒരേ സ്ഥലത്ത് നിരവധി പേർ ചേർന്ന് നിർവഹിക്കേണ്ടി വരുന്ന അവസ്ഥ. ആളുകളുടെ പെരുപ്പം കാരണം കക്കൂസ് ടാങ്കുകൾ പൊട്ടിയൊലിക്കുന്നുണ്ടാകും. മലീമസമായ ഈ സാഹചര്യം മഞ്ഞപ്പിത്തം പോലുള്ള രോഗങ്ങൾക്കും ഇടയാക്കുന്നുണ്ട്. അപ്പോഴും വരുമാനത്തിന്റെ വിവരം മറച്ചുവെക്കാൻ ഇവരെ കുറിച്ചുള്ള യാതൊരു വിധ രജിസ്റ്ററും സൂക്ഷിച്ചുവെക്കാറില്ല.

ഇതര സംസ്ഥാന തൊഴിലാളികൾ കേരളീയ സമൂഹത്തിന് ആവശ്യമാണ്. അവരുടെ കൂടി അധ്വാനത്തിലൂടെയാണ് കേരളീയ സമൂഹം മുന്നോട്ടുപോകുന്നത്. അതുകൊണ്ട് ഇതര സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് സമഗ്രമായൊരു തൊഴിൽ നിയമവും മറ്റും ആവിഷ്ക്കരിക്കേണ്ടതുണ്ട്. അങ്ങനെ സമൂഹത്തിന്റെ പൊതുധാരയുടെ ഭാഗമാക്കി അവരെയും മാറ്റണം. ലക്ഷക്കണക്കിന് ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിലുണ്ടെങ്കിലും രേഖകളിൽ അവർ എവിടെയുമില്ല. ഇതര സംസ്ഥാന തൊഴിലാളികളിലെ ക്രിമിനലുകളെ കണ്ടെത്താൻ ഇത്തരമൊരു നിയമത്തിലൂടെ കഴിയും.

ചപ്പാരപ്പടവിൽ സീതിസാഹിബ് സ്മാരക ലൈബ്രറിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡണ്ട് എം.മൈമൂനത്ത് നിർവഹിക്കുന്നു

ലൈബ്രറി ഉദ്ഘാടനവും ഭാഷസമര അനുസ്മരണവും

ചപ്പാരപ്പടവ്: ശിഹാബ് തങ്ങൾ സ്മാരക സൗധത്തിൽ നവീകരിച്ച സീതീസാഹിബ് സ്മാരക ലൈബ്രറി ആന്റ് റീഡിങ് റൂം ഉദ്ഘാടനം ചപ്പാരപ്പടവ് പഞ്ചായത്ത് പ്രസിഡന്റ് എം. മൈമൂനത്ത് നിർവ്വഹിച്ചു. കെ. യൂനുസ് അധ്യക്ഷത വഹിച്ചു. ഭാഷാ സമര അനുസ്മരണ യോഗം തളിപ്പറമ്പ മണ്ഡലം മുസ്ലിം ലീഗ് ട്രഷറർ ഒ.പി. ഇബ്രാഹിം കുട്ടി മാസ്റ്റർ ഉൽഘാടനം നിർവ്വഹിച്ചു. ഒ.കെ. ഇബ്രാഹിം കുട്ടി അനുസ്മരണ പ്രഭാഷണം നടത്തി. ഉനൈസ് എരുവാട്ടി, ഇർഫാൻ പെരുമളാബാദ്, പി.സി. ജലീൽ, എം.വി. ആരിഫ്, ഉമ്മർ പെരുവണ, എം.യു. ആലി, പിഎം. ശരീഫ്, എം. അബ്ദുൽ ജലീൽ എം. ബി. മുഫിദ്, എം. സി. മഹമൂദ് പ്രസംഗിച്ചു. ആസിഫ് ചപ്പാരപ്പടവ് സ്വാഗതവും ടി.സി. ഉവൈസ് നന്ദിയും പറഞ്ഞു.

ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള ആലക്കോട് സഹകരണ ബാങ്കിന്റെ ഉപഹാര സമർപ്പണം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി.പി.ദിവ്യ നിർവഹിക്കുന്നു

ഉന്നത വിജയികളെ ആലക്കോട് ബാങ്ക് അനുമോദിച്ചു

ആലക്കോട്: ആലക്കോട് സർവീസ് സഹകരണ ബാങ്കിലെ മെമ്പർമാരുടെയും ഇടപാടുകാരുടെയും മക്കളിൽ നിന്ന് എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ ബാങ്ക് ആഭിമുഖ്യത്തിൽ അവാർഡ് നൽകി അനുമോദിച്ചു. രയരോം ഗവ. ഹൈസ്കൂളിൽ നടന്ന അനുമോദന സമ്മേളനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി. പി.ദിവ്യ ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡണ്ട് ജോസ് പുള്ളീറ്റ് അധ്യക്ഷത വഹിച്ചു. സുമിത്ര ഭാസ്കരൻ, കെ.വി.ബാബുരാജ്, കെ. പി.സാബു, പി.മനോജ് പ്രസംഗിച്ചു. സെക്രട്ടറി ഇ.എ.ജോസഫ് സ്വാഗതവും ഡയറക്ടർ എ.എൻ.രവി നന്ദിയും പറഞ്ഞു.

പൈസക്കരി ദേവമാതാ ഹൈസ്ക്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനോദ്ഘാടനം മലപ്പട്ടം ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ഗണിത അധ്യാപകൻ ടി.വി.രവീന്ദ്രനാഥ് നിർവ്വഹിക്കുന്നു.

പൈസക്കരി ദേവമാതാ ഹൈസ്ക്കൂളിൽ ക്ലബ്ബുകൾ ഉദ്ഘാടനം ചെയ്തു

പയ്യാവൂർ: പൈസക്കരി ദേവമാതാ ഹൈസ്ക്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനോദ്ഘാടനം മലപ്പട്ടം ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ഗണിത അധ്യാപകൻ ടി.വി.രവീന്ദ്രനാഥ് നിർവ്വഹിച്ചു. അസിസ്റ്റന്റ് മാനേജർ ഫാ.കുര്യാക്കോസ് പുതുക്കുളങ്ങര അധ്യക്ഷത വഹിച്ചു. പി ടി എ പ്രസിഡന്റ് ടെൻസൺ ജോർജ് കണ്ടത്തിൻകര, മദർ പി ടി എ പ്രസിഡന്റ് മായ തച്ചുകുന്നേൽ, സ്റ്റാഫ് സെക്രട്ടറി ബിജു അഗസ്റ്റിൻ മുതുപ്ലാക്കൽ, സിസ്റ്റർ ബിന്ദു, കെ ഫ്രാൻസീസ്, ബെറ്റി മോൾ മാത്യൂ, സോഫിയാമ്മ ജോസഫ്, കെ.പി.പ്രകാശൻ, പ്രധാനാധ്യാപകൻ പി.കെ കൃഷ്ണൻ, സ്കൂൾ ലീഡർ ആൽബിൻ ഷാജി പ്രസംഗിച്ചു.

സയ്യിദ് നഗർ നൂസ്രത്തുൽ ഇസ്ലാംമദ്രസയിൽ 'ഹരിതവൽക്കരണം' പദ്ധതി ഉദ്ഘാടനം നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് നിർവഹിക്കുന്നു

ഹരിതവൽക്കരണം ഉദ്ഘാടനം ചെയ്തു

തളിപ്പറമ്പ: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ 60-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി സയ്യിദ് നഗർ നൂസ്രത്തുൽ ഇസ്ലാംമദ്രസയിൽ 'ഹരിതവൽക്കരണം' പദ്ധതി ഉദ്ഘാടനം നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് നിർവഹിച്ചു. സലാം പെരുമളാബാദ് അധ്യക്ഷത വഹിച്ചു. ശിഹാബ് അസ്അദി, സലീം യമാനി, ജലീൽ ദാരിമി, ഹഖീം മൗലവി, സുഫിയാൻ സംസാരിച്ചു. സവാദ് സ്വാഗതം പറഞ്ഞു.

കക്കാട് സ്വിമ്മിങ് പൂളിൽ സോളിഡാരിറ്റി സംഘടിപ്പിച്ച നീന്തൽ ജില്ലാതല മത്സരത്തിൽ ജലയോഗപ്രദർശനം നടത്തുന്ന ഗോവിന്ദരാജ്.

വെള്ളത്തിൽ വൃക്ഷാസനം; വിസ്മയമായി ഗോവിന്ദരാജ്

കണ്ണൂർ: കുതിച്ചുനീന്തി കിരീടം നേടാനെത്തിയവർ നിറയെ വെള്ളമുള്ള സ്വിമ്മിങ് പൂളിലെ കാഴ്ച കണ്ട് സ്തബ്ധരായി. വെള്ളത്തിനു മുകളിൽ ഒരാൾ നിശ്ചലനായി കിടക്കുന്നു. പിന്നെ, കൈകാലുകൾ പിണച്ച് വൃക്ഷാസനവും പത്മാസനവും ശവാസനവുമടക്കമുള്ള യോഗ അഭ്യസിക്കുന്നു. 'കരുത്തരാവുക' കാമ്പയിന്റെ ഭാഗമായി കക്കാട് സ്വിമ്മിങ് പൂളിൽ സോളിഡാരിറ്റി സംഘടിപ്പിച്ച ജില്ലാതല നീന്തൽ മത്സരത്തോട് അനുബന്ധിച്ചായിരുന്നു കോഴിക്കോട് ചേവരമ്പലം സ്വദേശി പി ഗോവിന്ദരാജിന്റെ അത്ഭുത പ്രകടനം. 10 വർഷത്തിലേറെ നീണ്ട കഠിന പരിശ്രമത്തിലൂടെയാണ് ജലയോഗ നടത്താനുള്ള കഴിവ് അദ്ദേഹം സ്വന്തമാക്കിയത്. സോളിഡാരിറ്റി ജില്ലാ പ്രസിഡണ്ട് കെ കെ ഫിറോസ് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ഷെറോസ് സജ്ജാദ് അധ്യക്ഷത വഹിച്ചു. നാലിനങ്ങളിലായി നടന്ന മത്സരത്തിൽ സാന്ദ്രജിത്ത് ഓവറോൾ ചാമ്പ്യനായി. പി ഷാഹിൻ, മുഹമ്മദ് ഫഹദ്, കെ.പി. മോഹനൻ, ആനന്ദം, ഇബ്രാഹിം കുട്ടി സംബന്ധിച്ചു. അഷ്ഫാഖ് സ്വാഗതവും കെ.പി. സാബിർ നന്ദിയും പറഞ്ഞു. പി.ബി.എം. ഫർമീസ്ടി പി ഇല്ല്യാസ്, എംബിഎം ഫൈസൽ, കെ കെ മുഹമ്മദ് അസ്ക്കർ, ശിഹാബ് കക്കാട് മത്സരത്തിന് നേതൃത്വം കൊടുത്തു.

ലോക പ്രകൃതി സംരക്ഷണ ദിനത്തോടനുബന്ധിച്ച് പൂമംഗലം യു.പി സ്കൂളിൽ വിദ്യാർത്ഥികൾ മാവുസംരക്ഷണ മതിൽ തീർത്തപ്പോൾ.

പ്രകൃതി സംരക്ഷണദിനം ആചരിച്ചു

പൂമംഗലം: പൂമംഗലം യു.പി സ്കൂളിൽ ലോക പ്രകൃതി സംരക്ഷണദിനം വിവിധ പരിപാടികളോടെ ആചരിച്ചു. മാവുസംരക്ഷണ മതിൽ തീർക്കൽ, ഔഷധച്ചെടികളെ പരിചയപ്പെടുത്തൽ, സ്കൂൾ പറമ്പിലെ ഔഷധ ചെടികൾക്കും മരങ്ങൾക്കും പേരുചാർത്തൽ, 'സുഹൃത്തിനൊരു ചാമ്പക്കത്തൈ സമ്മാനം' എന്ന സംരംഭത്തിന് തുടക്കം കുറിക്കൽ, പരിസ്ഥിതി ഗാനാലാപനം തുടങ്ങിയ പരിപാടികൾ നടന്നു. ഹെഡ്മാസ്റ്റർ സി. സത്യനാരായണൻ, പ്രകൃതി സംരക്ഷണ സന്ദേശം നൽകി. കെ.പി. ധനഞ്ജയൻ, എൻ.പി. റഷീദ്, അനുമോഹനൻ, ജിനി ജോസഫ്, എൻ. റീന, കെ. ആവണി, കെവിൻ കെ. ജോയ്, അഞ്ജന സംസാരിച്ചു.

പോലീസ് ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റ് ആറ് മുതൽ

ധർമ്മശാല: 46-ാംമത് കേരള പോലീസ് സ്പോർട്സ് ഗെയിംസ് ആന്റ് അത്‌ലറ്റിക് മീറ്റിന്റെ ഭാഗമായി ബാസ്കറ്റ് ബോൾ ടൂർണ്ണമെന്റ് സംഘടിപ്പിക്കും ആറ്, ഏഴ്, എട്ട് തീയതികളിൽ മാങ്ങാട്ടുപറമ്പ് സർദാർ വല്ലഭായ് പട്ടേൽ സ്റ്റേഡിയത്തിലാണ് ടൂർണ്ണമെന്റ്.

ശ്രീകണ്ഠപുരം നഗരസഭ ഓഫീസ് എൽ.ഡി.എഫ് ഉപരോധിക്കും

ശ്രീകണ്ഠപുരം: യുഡിഎഫ് ഭരിക്കുന്ന നഗരസഭ സർക്കാർ അനുവദിച്ച രണ്ട് കോടിയിലധികം രൂപ നഷ്ടപ്പെടുത്തിയെന്നും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി അട്ടിമറിച്ചുവെന്നും ആരോപിച്ച് എൽ ഡി എഫ് സമരത്തിന് യു.ഡി.എഫ് ഭരണസമിതി രാജിവെക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എൽഡിഎഫിന്റെ നേതൃത്വത്തിൽ നടത്തുന്ന നഗരസഭാ ഓഫീസ് ഉപരോധം നാലിന് രാവിലെ 10 മണിക്ക് സി. പി. എം. ജില്ല സെക്രട്ടറിയറ്റംഗം പി. വി ഗോപിനാഥ് ഉദ്ഘാടനം ചെയ്യും. പ്രചാരണാർത്ഥം ഏരിയ കമ്മിറ്റി അംഗം എം. സി. രാഘവൻ ജാഥ ലീഡറായുള്ള വാഹന പ്രചാരണ ജാഥ നടക്കും.

കാർത്തികപുരത്ത് ആയുർവേദ മെഡിക്കൽ ക്യാമ്പ് പഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യു ഉദ്ഘാടനം ചെയ്യുന്നു

ആയുർവേദ മെഡിക്കൽ ക്യാമ്പും കഞ്ഞിക്കൂട്ട് വിതരണവും

കാർത്തികപുരം: ഉദയഗിരി പഞ്ചായത്തിന്റെയും ഭാരതീയ ചികിത്സാ വകുപ്പ് കണ്ണൂരിന്റെയും കാർത്തികപുരം ആയുർവേദാശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ ആയുർവേദ മെഡിക്കൽ ക്യാമ്പും സൗജന്യ കർക്കടക കഞ്ഞിക്കൂട്ട് വിതരണവും സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യു ഉദ്ഘാടനം ചെയ്തു. വികസനകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ സരിത മാത്യു അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി ഒ.എം.ജോർജ്, മെമ്പർ ജോസഫ് വട്ടക്കൊട്ടയിൽ പ്രസംഗിച്ചു. മഴക്കാലരോഗ പ്രതിരോധത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ക്യാമ്പിന് ഡോ.പി.സ്മിത, ഡോ. റെജിനാമ്മ, ഡോ.വി.ശാലിനി നേതൃത്വം നൽകി.

അനുശോചിച്ചു

തളിപ്പറമ്പ: സി.പി.അബ്ദുറഊഫ് മുസ്‌ലിയാരുടെ നിര്യാണത്തിൽ അഖിലേന്ത്യ സുന്നി ജംഇയ്യത്തുൽ ഉലമാ ജന. സെക്രട്ടറി കാന്തപുരം എ.പി.അബൂബക്കർ മുസ്‌ലിയാർ അനുശോചിച്ചു. നിസ്വാർത്ഥ സേവകനായ ഒരു പ്രവർത്തകനെയാണ് അബ്ദുറഊഫ് മുസ്‌ലിയാരുടെ നിര്യാണം മൂലം പ്രസ്ഥാനത്തിന് നഷ്ടമായതെന്ന് കാന്തപുരം അനുശോചനത്തിൽ പറഞ്ഞു. സമസ്ത കണ്ണൂർ ജില്ല മുശാവറ, കേരള മുസ്ലിം ജമാഅത്ത്, എസ്.വൈ.എസ്, ജംഇയ്യത്തുൽ മുഅല്ലിമീൻ, എസ്.എം.എ, എസ്.എസ്.എഫ് കണ്ണൂർ ജില്ലാ കമ്മിറ്റികളും അനുശോചനം രേഖപ്പെടുത്തി.

പട്ടുവം: പട്ടുവം സുഭാഷ് കലാസമിതിയുടെ നിരവധി നാടകങ്ങളിൽ അഭിനയിച്ച നാടക നടി തങ്കം ഹരിദാസിന്റെ നിര്യാണത്തിൽ സമിതി മെമ്പർമാരും പ്രവർത്തകരും അനുശോചിച്ചു. പ്രസിഡണ്ട് പി.വി.മുകുന്ദൻ, സെക്രട്ടറി വി.വി.ദിനേശൻ, കെ.വി.സുനിൽകുമാർ, ടി.വി.ചന്ദ്രൻ, കെ.പ്രകാശൻ, കെ.നാരായണൻ സംസാരിച്ചു.

ചെക്കിക്കടവ് പാലം വഴി ബസ് അനുവദിക്കണം

ശ്രീകണ്ഠപുരം: മലയോര മേഖലയിൽ നിന്ന് കണ്ണൂരിലേക്ക് എളുപ്പത്തിൽ എത്തിചേരാൻ സാധിക്കുന്ന ശ്രീകണ്ഠാപുരം - പെരുങ്കോന്ന് തവറൂൽ - കൊയ്യം ചെക്കിക്കടവ് പാലം വഴി ബസ്സ് റൂട്ട് അനുവദിക്കണമെന്ന് പെരുന്തിലേരി ബൂത്ത് കോൺഗ്രസ് കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. ബൂത്ത് പ്രസിഡണ്ട് എൻ.വി രമേശൻ അദ്ധ്യക്ഷത വഹിച്ചു ടി.പി നാരായണൻ മാസ്റ്റർ, ഇ.ദാമോദരൻ സംസാരിച്ചു.

മുൻകൂട്ടി അറിയിച്ചില്ല; കൗൺസിൽ യോഗം മാറ്റിവെച്ചു

ശ്രീകണ്ഠപുരം: പ്രതിപക്ഷാംഗങ്ങൾക്ക് മുൻകൂട്ടി യോഗ വിവരം നൽകാതെ വിളിച്ച് ചേർത്ത ശ്രീകണ്ഠപുരം നഗരസഭ കൗൺസിൽ യോഗം മാറ്റി വെച്ചു. ഒരു മാസത്തിൽ ഒരു തവണയെങ്കിലും കൗൺസിൽ യോഗം വിളിച്ച് ചേർക്കേണ്ടതും യോഗത്തിന് മൂന്ന് ദിവസം മുമ്പെങ്കിലും എല്ലാ കൗൺസിലർമാർക്കും രേഖാമൂലം കത്ത് നൽകേണ്ടതുമാണ്. എന്നാൽ ചൊവ്വാഴ്ച പതിനഞ്ചോളം അജണ്ടകൾ ഉൾപ്പെടുത്തി വിളിച്ച് ചേർത്ത കൗൺസിൽ യോഗം ഈ നിയമങ്ങൾ പാലിക്കാതെയാണ് നടത്തിയത്. തുടർന്ന് പ്രതിപക്ഷാംഗങ്ങൾ യോഗത്തിൽ ഈ കാര്യം ചൂണ്ടിക്കാട്ടി. തെറ്റ് മനസ്സിലാക്കിയ നഗരസഭ ചെയർമാൻ ഏഴിലേക്ക് യോഗം മാറ്റി വെച്ചതായി അറിയിക്കുകയായിരുന്നു.

വനിതകളുടെ വായനാ മൽസരം തുടങ്ങി

കണ്ണൂർ: ലൈബ്രറി കൗൺസിൽ സംഘടിപ്പിക്കുന്ന വനിതകളുടെ വായനാമൽസരം പ്രാഥമിക തലം ആരംഭിച്ചു. ഒരു ലക്ഷം വീടുകളിൽ ഓപ്പൺ ചോദ്യം നൽകി അഞ്ച് ലക്ഷത്തോളം കുടുംബാംഗങ്ങൾ പങ്കാളികളാകുന്ന രീതിയിലാണ് പ്രാഥമിക മൽസരം നടക്കുന്നത്. ജില്ലയിൽ ലൈബ്രറി കൗൺസിലിൽ അഫിലിയേഷൻ ചെയ്ത 925 ഗ്രന്ഥശാലകളെ കേന്ദ്രീകരിച്ചാണ് ഓപ്പൺ ചോദ്യം വീടുകളിൽ വിതരണം ചെയ്യുന്നത്. വായനാമൽസത്തിന്റെ ജില്ലാതല ഉദ്ഘാടനം ഓലയമ്പാടി നേതാജി വായനശാലയിൽ ലൈബ്രറി കൗൺസിൽ ജില്ലാ സെക്രട്ടറി പി. കെ. ബൈജു നിർവഹിച്ചു. പഞ്ചായത്ത് അംഗം പി. പത്മാക്ഷി അധ്യക്ഷയായി. തളിപറമ്പ് താലൂക്ക് സെക്രട്ടറി ടി.പി കുഞ്ഞിക്കണ്ണൻ, മേഖലാ പ്രസിഡന്റ് ആർ.പി. ശ്രീധരൻ സംസാരിച്ചു. സെക്രട്ടറി എം. കെ. കരുണാകരൻ സ്വാഗതവും ഇ.വി. രഞ്ചന നന്ദിയും പറഞ്ഞു.

കമ്മൽ നഷ്ടപ്പെട്ടു

തളിപ്പറമ്പ: മാങ്ങാട്ട് നിന്ന് പൂവ്വത്തേക്കുള്ള യാത്ര മധ്യേ കമ്മൽ നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ 9744018836 എന്ന നമ്പറിൽ ബന്ധപ്പെടണമെന്ന് അപേക്ഷിക്കുന്നു.

കേരള കോൺഗ്രസ് (എം) കണ്ണൂർ ജില്ല നേതൃയോഗം സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് ഉദ്ഘാടനം ചെയ്യുന്നു

കാലവർഷം: കൃഷി നാശം സംഭവിച്ചവർക്ക് അടിയന്തര ധനസഹായം നൽകണം: കേരള കോൺഗ്രസ് (എം)

പയ്യാവൂർ: കാലവർഷ കെടുതിയിൽ കൃഷി നാശം സംഭവിച്ചവർക്കും വീട് നഷ്ടപ്പെട്ടവർക്കും അടിയന്തിര ധനസഹായം ഉടൻ നൽകണമെന്ന് കേരള കോൺഗ്രസ് (എം) കണ്ണൂർ ജില്ല നേതൃയോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷക തൊഴിലാളികൾക്ക് ഒരു മാസത്തെ സൗജന്യ റേഷൻ ഉടൻ വിതരണം ചെയ്യണമെന്നും യോഗം ആവശ്യപ്പെട്ടു.

സംസ്ഥാന ജനറൽ സെക്രട്ടറി പി ടി ജോസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ജോയികൊന്നയ്ക്കൽ അധ്യക്ഷനായി. സംസ്ഥാന ജനറൽ സെക്രട്ടറി ജോയ്സ് പുത്തൻപുര, നേതാക്കളായ ജോസഫ് മുള്ളൻ മട, സജി കുറ്റ്യാനിമറ്റം, കെ.ടി.സുരേഷ് കുമാർ, സി.ജെ. ജോൺ, ജോർജ് ഇരുമ്പുകുഴി, അപ്പച്ചൻമാലത്ത്, അൽഫോൻസ് കളപ്പുര, മാത്യു മണ്ഡപം ജോബിച്ചൻ മൈലാടൂർ, ബെന്നിച്ചൻ മഠത്തിനകം, ജോസഫ് ഇലവുങ്കൽ, വർഗ്ഗീസ് വയലാമണ്ണിൽ, ജോയി ചൂരനാനി, ഏലമ്മ ഇലവുങ്കൽ, സിജോ തുണ്ടിയിൽ, ഫൽഗുനൻ മേലേടത്ത്, ടെൻസൺ ജോർജ് കണ്ടത്തിൻ കര, ബിജു കൈച്ചിറമറ്റം, അപ്പച്ചൻ കുമ്പുക്കൽ, വി.പി. സെബാസ്റ്റ്യൻ, ഡെന്നീസ് വാഴപ്പള്ളി, ടോമി ആനിത്തോട്ടം